## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 238** **29-01-2024 - ൽ മറുപടിയ്ക്ക്**

## പാലോട് കുടുംബാരോഗ്യ കേന്ദ്രത്തിലെ ഐസൊലേഷൻ വാർഡ് നിർമ്മാണ പുരോഗതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം മണ്ഡലത്തിൽ പാലോട് കുടുംബാരോഗ്യ കേന്ദ്രത്തിൽ നിർമ്മാണമാരംഭിച്ച ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ; | (എ) | പാലോട് കുടുംബാരോഗ്യ കേന്ദ്രത്തിൽ നിർമ്മാണമാരംഭിച്ച ഐസൊലേഷൻ വാർഡിന്റെ 62 % ത്തോളം നിർമ്മാണം പൂർത്തിയായിട്ടുണ്ട്. നിലവിൽ സൂപ്പർ സ്ട്രക്ചർ നിർമ്മാണ ഘട്ടത്തിലാണ്. |
| (ബി) | കരാർ കാലാവധി കഴിഞ്ഞിട്ടും പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | പ്രസ്തുത സ്ഥലത്തുള്ള മരം മുറിച്ചുമാറ്റുന്നതിലുണ്ടായ കാലതാമസവും അവശ്യ സാധന സാമഗ്രികളുടെ ലഭ്യതക്കുറവുമാണ് പദ്ധതി പ്രവർത്തനങ്ങൾ യഥാസമയം പൂർത്തിയാക്കാൻ കഴിയാത്തതിനു കാരണം |
| (സി) | പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത കരാർ കമ്പനിയുടെ വിവരങ്ങളും നിർവ്വഹണ ഏജൻസിയുടെ വിവരങ്ങളും നൽകാമോ; | (സി) | പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനേയും നിർമ്മാണ ഏജൻസിയായി തൃശ്ശൂർ ജില്ലാ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിയെയുമാണ് നിശ്ചയിച്ചിരിക്കുന്നത്. |
| (ഡി) | പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാക്കാനാകും എന്ന് വ്യക്തമാക്കാമോ? | (ഡി) | പാലോട് കുടുംബാരോഗ്യ കേന്ദ്രത്തിൽ നിർമ്മാണമാരംഭിച്ച ഐസൊലേഷൻ വാർഡിന്റെ 62 % ത്തോളം നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ